പെൺപുലരി

‘സാധാരണക്കാരായ പെൺകുട്ടികൾക്ക് ജോലി നൽകാൻ സാധിക്കുന്നതാണ് ഏറ്റവും വലിയ സന്തോഷം.’ വിജയയുടെ പ്രചോദനം ഇതാണ്



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., മനസ്സിൻെറ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു

# വിജയമാൾ

വിജയയെ പരിചയപ്പെടുത്താൻ എളുപ്പമാണ്. ഇന്ത്യയിലെ ആദ്യത്തെ മഹിളാമാളിന് നേതൃത്വം നല്കുന്ന യൂണിറ്റി ഗ്രൂപ്പിന്റെ സെക്രട്ടറി. ആറ് നിലയിൽ 79 കടമുറികളും 20 മൈക്രോബസാറുമെല്ലാം ഉൾപ്പെടെ 36,000 ചതുരശ്ര അടിയിലെ വനിതാ ഷോപ്പിങ് വിസ്മയം. തന്റെ ഈ ആശയം ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കി വിജയിപ്പിക്കുന്നതിലും നേതൃത്വം നൽകിയ വീട്ടമ്മ. പതിനഞ്ചു വർഷങ്ങൾക്കു മുൻപ് വിജയയും ടീമും തുടങ്ങിയ ആദ്യസംരംഭവും അന്ന് പുതിയ ആശയമായിരുന്നു. വനിതകളുടെ ഐ.ടി. യൂണിറ്റ്. പത്തുപേർ ചേർന്ന് കോഴിക്കോട് കോർപ്പറേഷൻ പരിധിയിലാണ് ടെക്നോവേൾഡ് എന്ന ഐ.ടി. സ്ഥാപനം 2004ൽ തുടങ്ങിയത്. ഡാറ്റാ എൻട്രി വർക്കുകളും ടൈപ്പിങ് ജോലികളും ചെയ്ത് തുടങ്ങി. ഇന്ന് കോർപ്പറേഷനിലെ ജനസേവനകേന്ദ്രവും ഹോസ്പിറ്റൽ കിയോസ്കും, മോട്ടോർ വെഹിക്കിൾ വകുപ്പിലെ ഇസേവ കേന്ദ്രവും ഒക്കെ ഏറ്റെടുത്ത് നടത്തുന്നു യൂണിറ്റി ഗ്രൂപ്പ്.

‘സർക്കാറിന്റെ വോട്ടർപട്ടികയുടെ ഡാറ്റാ എൻട്രിയും റേഷൻ കാർഡിന്റെ ഡാറ്റാ എൻട്രി വർക്കുമൊക്കെ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ചാലഞ്ച് നിറവേറ്റാൻ സാധിച്ചത് വലിയ സംതൃപ്തി നൽകിയിരുന്നു. അതിനേക്കാളുപരി, സാധാരണക്കാരായ പെൺകുട്ടികൾക്ക് ജോലി നൽകാൻ സാധിക്കുന്നു എന്നതാണ് ഏറ്റവും വലിയ സന്തോഷം.’ വിജയയുടെ പ്രചോദനത്തിന്റെ ഉറവിടം ഇതാണ്. സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസിന്റെ ഡാറ്റാ എൻട്രി നടന്ന സമയത്ത് 1750 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് താൽക്കാലിക ജോലി ലഭിച്ചിരുന്നു. ഇന്ന് ടെക്നോവേൾഡിന്റെ വിവിധ ശാഖകളിലായി 40ലധികം പേർ പ്രതിമാസം 15,000 ഓളം രൂപ നേടി തൊഴിൽ ചെയ്യുന്നു.

ടെക്നോവേൾഡിലെ അഞ്ച് അംഗങ്ങളും പുതുതായി വന്ന അഞ്ച് പേരും ചേർന്നതാണ് മഹിളാ മാളിന് നേതൃത്വം നൽകുന്ന യൂണിറ്റി ഗ്രൂപ്പ്. മഹിളാ മാളിൽ സെക്യൂരിറ്റി മുതൽ ലിഫ്റ്റ് ഓപ്പറേറ്റർ വരെ സ്ത്രീകളാണ്. സംരംഭകരായും വനിതകൾ മാത്രം. ഇതിൽ 80% പേരും സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങളാണ്. ‘600ഓളം സ്ത്രീകൾക്ക് വരുമാനം ലഭിക്കാനും, തങ്ങളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാനും, താല്പര്യമുള്ള മേഖലയിൽ പ്രവർത്തിക്കാനും, സ്വന്തം കാലിൽ നിൽക്കാനുമുള്ള അവസരം മഹിളാമാളിലൂടെ ലഭിക്കുന്നു’. വിജയയുടെ ഈ വാക്കുകൾ കേൾക്കുമ്പോൾ നമുക്ക് അഭിമാനിക്കാം. ‘വെറുമൊരു വീട്ടമ്മയായിരുന്നു എനിക്ക് എന്തെങ്കിലും ചെയ്യാനുള്ള ധൈര്യം തന്നത് കുടുംബശ്രീയാണ്. ഒരിക്കൽ കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ സംരംഭകരുടെ ഒരു മീറ്റിങ് വിളിച്ചിരുന്നു. എല്ലാവരും ഒത്തൊരുമിച്ച ഒരു സ്ഥാപനമായിരുന്നു ലക്ഷ്യം. പക്ഷേ, മൂന്നാല് ചർച്ചകൾ കഴിഞ്ഞപ്പോഴേക്ക് അതിന് നേതൃത്വം നൽകാൻ ആരുമില്ലെന്ന അവസ്ഥയായി. അങ്ങനെയാണ് മഹിള മാൾ നടത്തിയെടുക്കണം എന്ന ചിന്തയുണ്ടാവുന്നത്. പെണ്ണുങ്ങളുടെ ഒരു ലോകമാണത്.’



മഹിളാമാളിലെ സഹപ്രവർത്തകർക്കൊപ്പം വിജയ. ഫോട്ടോ: ശ്രീജിത്ത് പി. രാജ്

പെൺകരുത്തിന്റെ പുതിയ അധ്യായമായ ഷോപ്പിങ് മാൾ കുടുംബശ്രീയുടേയും കേരളത്തിന്റേയും ചരിത്രത്തിൽ മാത്രമല്ല പുതിയ തുടക്കം കുറിക്കുന്നത്. ഇത് സ്ത്രീശാക്തീകരണത്തിന്റെ ഒരു ലോകമാതൃക തന്നെയാണ്.